"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ശ്രീമതി ജെബി ജോണിന് വിശാല കൊച്ചി വികസന അതോറിറ്റിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.971/2022/LSGD തീയതി,തിരുവനന്തപുരം, 19-04-2022

പരാമർശം:-

1. 03.03.2015-ൽ ചേർന്ന ഡി.പി.സി യോഗത്തിന്റെ മിനിറ്റ്സ്.
2. 20.03.2015-ലെ വിശാലകൊച്ചി വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.
3. വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 31.03.2015-ലെ 1116/1116/എസ്റ്റാ1/2011/ജിസിഡിഎ നമ്പർ നടപടിക്രമം.
4. വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 17.08.2021, 06.04.2022 തീയതികളിലെ 1116/എസ്റ്റാ1/2011/ജിസിഡിഎ നമ്പർ കത്തുകൾ
5. 23.03.2022-ലെ വിശാലകൊച്ചി വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.

**ഉത്തരവ്**

വിശാലകൊച്ചി വികസന അതോറിറ്റിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സി. ജെ. ജോസഫ് 31.03.2015 അപരാഹ്നത്തിൽ അതോറിറ്റി സർവ്വീസിൽ നിന്നും വിരമിച്ചതു മൂലം ഉണ്ടായ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി ജെബി ജോണിന് പരാമർശം (1), (2) തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തിന് വിധേയമായി സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു എന്നും പ്രസ്തുത സ്ഥാനക്കയറ്റം അംഗീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (4)-ലെ കത്ത് പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് (ഡെവലപ്പ്മെന്റ് അതോറിറ്റീസ്) റൂൾസ് 2015-ലെ അദ്ധ്യായം IV ചട്ടം (9), ചട്ടം 12 (1) (a), ചട്ടം 12(1)(b), ചട്ടം 12(1)(c), ചട്ടം 14(1), ചട്ടം 14(2) എന്നിവ പ്രകാരവും അതോറിറ്റിക്ക്

PTO

അനുവദിച്ച് നല്കിയിട്ടുള്ള 10-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ 6-ാമത്തെ വ്യവസ്ഥ പ്രകാരവും ടി സ്ഥാനക്കയറ്റം ക്രമപ്രകാരമാണ് എന്ന് കാണുന്നതിനാലും പരാമർശം (5)-പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസ്തുത സ്ഥാനക്കയറ്റം സാധൂകരിച്ചിട്ടുള്ളതിനാലും ശ്രീ. സി. ജെ. ജോസഫ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ 31.03.2015 അപരാഹ്നത്തിൽ വിരമിച്ച ഒഴിവിലേക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജെബി ജോണിന് 01.04.2015 പൂർവ്വാഹ്നം മുതൽ ജിസിഡിഎ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേക്ക് പരാമർശം (3) പ്രകാരം സ്ഥാനക്കയറ്റം നൽകിയ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി, കൊച്ചി.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ) / (ജി & എസ്.എസ്. എ) കേരളം. തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ .നം. LSGD-IA3/109/2021-LSGD ).

ഉത്തരവിൻ പ്രകാരം
**Signed by Vijitha M B**
**Date: 21-04-2022 17:16:30**

സെക്ഷൻ ഓഫീസർ